# വി. എച്ച്. എസ്. എസ്
# കല്ലിശ്ശേരി

## സ്കൂൾ മാസ്റ്റർ പ്ലാൻ
## 2025

# ആമുഖം

പൊതുവിദ്യാഭ്യാസ ശാക്തീകരണം എന്നതുകൊണ്ട് കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് ലക്ഷ്യം വെയ്ക്കുന്നത്. ടീച്ചർ സെന്ററിൽ നിന്നും ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിലൂടെ കുട്ടിയെ മനസ്സിലാക്കുകയും അവന്റെ കഴിവിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് അദ്ധ്യാപക ധർമ്മം. അങ്ങനെ കുട്ടിയെ മനസ്സിലാക്കി അറിവിന്റെ സ്രോതസ്സാക്കി മാറ്റണം. ജനങ്ങൾ നമ്മിലർപ്പിച്ച പ്രതീക്ഷയ്ക്കൊത്ത് ഉണർന്നു പ്രവർത്തിക്കണം. അവരുടെ പ്രതീക്ഷ സാർത്ഥകമാക്കണം ഇതാണ് വിഷൻ 2025. പാർശ്വവത്ക്കരണമില്ലാതെ ഒരു ജനതയെ സൃഷ്ടിക്കുക എന്നതാണ് വികസനത്തിന്റെ ഭൂമിക.

വിദ്യാർത്ഥികളുടെ പഠനപുരോഗതിയും വിദ്യാലയത്തിന്റെ സുസ്ഥിര വികസനവും ഉറപ്പാക്കി മികവിന്റെ പദ്ധതികളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. രക്ഷകർത്താക്കളുടേയും പൊതു സമൂഹത്തിന്റേയും പിന്തുണയും സഹകരണവും ഉറപ്പാക്കി പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിലൂടെ വിദ്യാർത്ഥികളുടേയും വിദ്യാലയത്തിന്റേയും സമഗ്രപുരോഗതി കൈവരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ സങ്കല്പങ്ങളുടെ സാക്ഷാത്ക്കാരമാണ് ഈ മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത്.

ജീവിതത്തിലുടനീളം അനുഭവിക്കുന്ന അർത്ഥപൂർണ്ണമായ സന്തുഷ്ടിയാണ് എല്ലാ വികസനക്ഷേമ പ്രവർത്തനങ്ങളുടേയും ആത്യന്തികലക്ഷ്യമെന്ന് ഐക്യരാഷ്ട്രസംഘടന പ്രഖ്യാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിലൂടെ ആരോഗ്യവും സന്തുഷ്ടിയും വളർത്തിയെടുക്കാനാകുമെന്ന ആശയമാണ് "ആരോഗ്യമാണ് സമ്പത്ത്, ആത്മവിശ്വാസമാണ് മനക്കരുത്ത് " (Health is wealth, confidence is strength) 2025 ലെ സ്കൂൾ അധ്യനവർഷം പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നത്.

സന്തോഷത്തിന്റെ അടയാളമായ പുഞ്ചിരി മുഖത്തുണ്ടോ എന്നതാണഅ ഒരു വ്യക്തിയുടെ ജീവിതവിജയത്തിന്റെ അടിസ്ഥാനം നല്ലമനുഷ്യനാകുക എന്നതാണ് നാം ആർജ്ജിക്കേണ്ടഗുണം. സ്കൂൾ തുറക്കുന്ന രണ്ടാഴ്ചകൾ പാഠപുസ്തകത്തിനപ്പുറം കുട്ടിയുടെ നല്ലചിന്തയെ, ശുഭാപ്തി വിശ്വാസത്തെ വളർത്തിയെടുക്കുവാനുള്ളതാകണം പഠനം എന്ന പൊതുവിദ്യാഭ്യാസ പദ്ധതിയുടെ നിർദ്ദേശമനുസരിച്ചുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് കുട്ടിയെ മാനസികമായും ബൗദ്ധികപരമായും ഉണർത്തുവാനുള്ള പദ്ധതികൾ 2025 അദ്യയനവർഷം ലക്ഷ്യംവെയ്ക്കുന്നു.

2025 സ്കൂൾ വർഷത്തെ പ്രവർത്തനങ്ങളിൽ പഠന പാഠ്യേതര പ്രവർത്തനങ്ങൾക്കൊപ്പം മൂല്യവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു. നല്ല പാഠങ്ങളിൽ കൂടി കടന്ന് നല്ലത് ചെയ്യുവാനും നല്ലവരാകുവാനുമുള്ള

സന്മാർഗ്ഗപാഠങ്ങൾ വർഷം മുഴുവൻ നടത്തിവരുക വഴി കുട്ടികൾ ബൗദ്ധികമായ ഉണർവ്വിലേക്ക് എത്തും എന്ന ശുഭാപ്തി വിശ്വാസത്തിൽ ഊർജ്ജസ്വലമായി മുന്നോട്ട് കുതിക്കുന്നു.

**<u>ബോധവത്ക്കരണ ക്ലാസ്സ്</u>**

- ജൂനിയർ റെഡ് ക്രോസിന്റെ ആഭിമുഖ്യത്തിൽ ലഹരി ഉപയോഗത്തിനെതിരെ ശക്തമായി പോരാടാൻ ഉറച്ച് ലഹരി വിമുക്ത ക്യാമ്പസ് പ്രഖ്യാപനം നടത്തുക.
- പൊതു നിരത്തിൽകൂടി നാം സഞ്ചരിക്കുമ്പോൾ പാലിക്കേണ്ട സാമാന്യമര്യാദകൾ, അച്ചടക്കം, ട്രാഫിക് നിയമങ്ങൾ, റോഡിലൂടെ സഞ്ചിക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്നിവയ്ക്കുള്ള ബോധവത്ക്കരണ ക്ലാസ്സ്.
- വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്ക്കരണം ഇവയിൽ കൂടി കുട്ടികളിലെ ശുചിത്വ ബോധം ഉണർത്തുക, സ്വച്ഛ് ഭാരത് പദ്ധതിയെ സ്കൂളിൽ ഇംപ്ലിമെന്റ് ചെയ്യുക.
- ആരോഗ്യം, വ്യായാമം, കായികക്ഷമത, ഇവ കുട്ടികളിൽ ഉണ്ടാകേണ്ട അടിസ്ഥാനശീലങ്ങൾ കുട്ടികളിൽ എത്തുവാൻ ചെറുപ്പകാലങ്ങളിലേ പരിശീലിപ്പിക്കുക.
- മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, ഡിജിറ്റൽ അച്ചടക്കം എന്നിവ കുട്ടികളുടെ ബൗദ്ധിക നിലവാരത്ത പ്രതികൂലമായി ബാധിക്കും എന്നതിനാൽ നിയന്ത്രിതമായ ഉപയോഗത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുക.
- അക്രമവാസന പൊതുമുതൽ നശിപ്പിക്കുക, വൈകാരിക നിയന്ത്രണമില്ലായ്മ എന്നിവ കുട്ടികളിൽ ഉണ്ടാകത്തക്കവിധം കുട്ടികളെ അടുത്തറിഞ്ഞ് മാനസികമായ ശക്തി ഉറപ്പാക്കുക.
- കൗമാര വിദ്യാഭ്യാസം, പെൺകുട്ടുകൾക്കുള്ള കൗമാര വിദ്യാഭ്യാസം എന്നിവ സംഘടിപ്പിക്കുക.

**അദ്ധ്യാപകരുടെ എണ്ണം**

സ്കൂൾ സെക്ഷൻ : എച്ച്. എസ്. വിഭാഗത്തിൽ 4 സ്ഥിരം അദ്ധ്യാപകരും 3 ദിവസവേതന അദ്ധ്യാപകരും ജോലി ചെയ്യുന്നു.

: യു. പി. വിഭാഗത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു അദ്ധ്യാപികയും ഉണ്ട്.

**ഹൈസ്കൂൾ സെക്ഷൻ:**

ഫിസിക്സ്, കെമിസ്ട്രി, ബയോളജി : ജ്യോതികൃഷ്ണ

| | | |
|---|---|---|
| ഇംഗ്ലീഷ് | : | ജയശ്രീ എസ് |
| കണക്ക് | : | കുക്കു രവി |
| മലയാളം | : | അശ്വതി സി. ആർ |
| ഹിന്ദി | : | ആര്യ എസ് |
| സോഷ്യൽ സയൻസ് | : | രശ്മി ആർ പിള്ള |
| സംസ്കൃതം | : | സൗമ്യ എസ് നമ്പൂതിരി |
| യു. പി. സെക്ഷൻ | : | സുമാന ഫൈസി |

**മറ്റു ചുമതലകൾ**

| | | |
|---|---|---|
| എസ്. ആർ ജി കൺവീനർ | : | അശ്വതി സി ആർ |
| ഐ. റ്റി | : | രശ്മി ആർ പിള്ള |
| ഡിസിപ്ലിൻ | : | രശ്മി ആർ പിള്ള |
| സയൻസ് ലൈബ്രറി | : | ജ്യോതികൃഷ്ണ |
| ലൈബ്രറി | : | അശ്വതി സി ആർ |
| സയൻസ് ക്ലബ് | : | ജ്യോതികൃഷ്ണ |
| ഹിന്ദി ക്ലബ് | : | ആര്യ എസ് |
| വിദ്യാരംഗം | : | അശ്വതി സി ആർ |
| ഹെൽത്ത് ക്ലബ്& സോഷ്യൽ ക്ലബ് | : | രശ്മി ആർ പിള്ള |
| വിമുക്തി ക്ലബ് | : | രശ്മി ആർ പിള്ള |
| ഇംഗ്ലീഷ് ക്ലബ് | : | ജയശ്രീ എസ് |
| നൂൺ ഫീഡിംഗ് | : | ആര്യ എസ് |
| കല കായികം | : | അശ്വതി സി ആർ |
| ജാഗ്രത കമ്മറ്റി | : | രശ്മി ആർ പിള്ള |
| സീഡ് ക്ലബ് | : | ആര്യ എസ് |
| പ്രവർത്തി പരിചയ ക്ലബ് | : | സുമാന ഫൈസി |

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | വി. എച്ച്. എസ്. എസ്. കല്ലിശ്ശേരി |
| ഫോൺ | : | 0479 2426356 |
| സ്കൂൾ കോഡ് | : | 36067 |
| വിദ്യാഭ്യാസ ഉപജില്ല | : | ചെങ്ങന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി. ആർ. സി | : | ചെങ്ങന്നൂർ |
| സി. ആർ. സി | : | മഴുക്കീർ |
| ഗ്രാമപഞ്ചായത്ത് | : | തിരുവൻവണ്ടൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചെങ്ങന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭാമണ്ഡലം | : | ചെങ്ങന്നൂർ |
| താലൂക്ക് | : | ചെങ്ങന്നൂർ |
| വില്ലേജ് | : | തിരുവൻവണ്ടൂർ |
| Email | : | vhssk36067@gmail.com |

**അവസ്ഥാ വിശകലനം**

വിദ്യാലയത്തിന് ലഭ്യമായസ്ഥലം 5 ഏക്കറോളമാണ്. സ്കൂളിന് ഒരു നല്ല പ്ലേ ഗ്രൗണ്ട് ഉണ്ട്. എം. സി. റോഡിന് അരികിലായി സ്ഥിതി ചെയ്യുന്നു. വാഹന സൗകര്യം, ശാന്തമായ അന്തരീക്ഷം 5 മുതൽ 12 വരെ ക്ലാസ്സുകൾ (തൊഴിലധിഷ്ഠിത കോഴ്സുകളായതിനാൽ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, മെഡിക്കൽ വർക്ക്ഷോപ്പ് എന്നിവ ഉൾപ്പെടെ)

സ്കൂൾ തലത്തിൽ കുട്ടികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| Standard | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| | 2 | 8 | 1 | 13 | 12 | 17 |

## ചരിത്രം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലുള്ള കല്ലിശ്ശേരി എന്ന പ്രദേശത്ത് ചെങ്ങന്നൂർ ടൗണിന് ഏകദേശം 3 കി.മി. ദൂരത്തായ് പമ്പയാറിന് തീരത്തായി, എം.സി. റോഡിന് സമീപം ഏകദേശം 5 ഏക്കർ സ്ഥലത്തായി ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു.

സാധാരണക്കാരനും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ അന്നത്തെ മാനേജരായ മൂത്തേടത്ത് മഠത്തിൽ പരമേശ്വരരു പണ്ടാരത്തിൽ ഒരു ചെറിയ മുറിയിൽ(ചാവടി) തുടങ്ങിയ ഈ വിദ്യാലയം ഇന്നു 100-ാം പിറന്നാളിന്റെ മികവിലേക്കുയരുകയാണ്.

സാധാരണക്കാരനും വിദ്യാഭ്യാസം വിദൂരമല്ല എന്ന സങ്കല്പം സാക്ഷാത്കരിച്ചുകൊണ്ട് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച് കൊണ്ടിരിക്കുന്ന ഈ സരസ്വതീക്ഷേത്രം ആദ്യം കൊല്ലം ജില്ലയിലായിരുന്നു. 1920ൽ സ്ഥാപിതമായ ഈ സ്കൂൾ പിന്നീട് ആലപ്പുഴ ജില്ലയും ചെങ്ങന്നൂർ താലൂക്കും നിലവിൽ വന്നതോടെ ആലപ്പുഴ ജില്ലയിലായി.

1920ൽ കല്ലിശ്ശേരി ഇംഗ്ലീഷ് ഹൈസ്കൂൾ എന്ന നാമധേയത്തിൽ സ്ഥാപിതമായ ഈ സ്കൂൾ ചെങ്ങന്നൂർ താലൂക്കിലെ ആദ്യ സ്കൂളായിരുന്നു. പിന്നീട് 1950ൽ ഹൈസ്കൂളായും 1997ൽ വൊക്കേഷണൽ ഹയർ സെക്കന്ററിയായും ഉയർത്തപ്പെട്ടു. കേരള വിദ്യാഭ്യാസ ചട്ടത്തിനുമുമ്പ് തുടങ്ങിയ ഈ സരസ്വതീക്ഷേത്രത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾ മാത്രമായിരുന്നു ശക്തി. വളരെ ദൂരെ നിന്നും ധാരാളം വിദ്യാർത്ഥികൾ വിദ്യനേടാനായി ഇവിടെ എത്തിയിരുന്നു.

കല്ലിശ്ശേരി മൂത്തേടത്ത് മഠം വകയായ ഈ സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ ശ്രീ. ശ്രീനാരായണരു പണ്ടാരത്തിൽ അവർകളും പ്രിൻസിപ്പൽ ശ്രീമതി രാജി രാജൻപിള്ളയും , ഹെഡ് മിസ്ട്രസ് ശ്രീമതി സരസ്വതിയും ആണ്.

അന്തരിച്ച മുൻ. സുപ്രീം കോടതി ജഡ്ജി ശ്രീ. റ്റി.എ. കൊച്ചുതൊമ്മൻ അവർകൾ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ്ചാൻസലർ, ഇഗ്നോ ഡയറക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്ന ശ്രീ. രാജശേഖരൻപിള്ള, രാജ്യസഭാ മുൻ എം.പി. ശ്രീ. തോമസ് കുതിരവട്ടം, മുൻ പഞ്ചായത്ത് പ്രസിഡന്റും ഇപ്പോഴത്തെ വാർഡ് മെമ്പർ ശ്രീ. ചെറിയാൻ കുതിരവട്ടം, സിനിമാ ഗാനരചയിതാവ് ശ്രീ. ഒ.. എസ്. ഉണ്ണികൃഷ്ണൻ തുടങ്ങിയ പ്രമുഖർ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളിൽ ചിലരാണ്. കേരളത്തിന്റെ, രാജ്യത്തിന്റെ പൊതുരംഗങ്ങളിൽ, വിദേശങ്ങളിൽ, അധ്യാപനരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം പൂർവ്വ വിദ്യാർത്ഥികൾ ഈ സ്കൂളിന്റെ അഭിമാനമായി തുടർന്നുവരുന്നു എന്നുള്ളതും ഈ സ്കൂളിന്റെ മായാത്ത ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ട്.

ഏകദേശം 2500ഓളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഒരു വിദ്യാലയമായിരുന്നു. നിലവിൽ പൂർവ്വകാലത്തെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതിന് പലഘടകങ്ങൾ കാരണമായിട്ടുണ്ട്.

ഇംഗ്ലീഷ് മീഡിയത്തിന്റെ അഭാവം, സമീപത്തെ അൺ എയ്ഡഡ് സ്കൂളുകളുടെ കടന്നുകയറ്റം, വാഹനസൗകര്യമില്ലായ്മ തുടങ്ങിയവ ഇവയിൽ ചിലതാണ്. പരിമിതികൾക്കിടയിൽ നിന്നുകൊണ്ട് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനു സ്കൂൾ അധികൃതർ പരിശ്രമിക്കുന്നു. തുടർച്ചയായി 7-ാം തവണയും 100% വിജയം കരസ്ഥമാക്കാൻ സാധിച്ചത് ഇതിനുദാഹരണമാണ്.

## മികവിന്റെ കാഴ്ചപ്പാട്

- 5 മുതൽ 12 വരെ ക്ലാസ്സിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും, ധാരണകളും, ശേഷിയും, മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരമൊരുക്കുംവിധം ആർജ്ജിക്കാൻ അവസരമൊരുക്കുക.
- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- ശാരീരിക, മാനസിക ആരോഗ്യമുള്ള നാളത്തെ തലമുറയെ വാർത്തെടുക്കുക.
- കുട്ടികളുടെ ബഹുമുഖ വികസനത്തിനുതകുന്ന രീതിയിലുള്ള കലാകായിക പ്രവർത്തിപരിചയ പരിശീലനം നൽകുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാനുക പഠനത്തിനും അവസരമൊരുക്കി നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിക്കുക.
- പ്രകൃതിതന്നെ പാഠ പുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്ക് മുക്ത വിദ്യാലയം സൃഷ്ടിക്കുക.
- സ്വയംതൊഴിൽ മേഖലയിൽ പ്രാവീണ്യം നേടാനുള്ള ആശയങ്ങൾ നടപ്പിലാക്കുക.
- ലഹരിവിമുക്ത വിദ്യാലയതത്തിന്റെ ഉത്തമ മാതൃകയായി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കല്ലിശ്ശേരിയെ മാറ്റുക. എന്നിവയാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

## ലക്ഷ്യങ്ങൾ

- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പപുതിയ തലമുറയിൽ നിന്നും തുടച്ചുമാറ്റി ഹാപ്പി സ്കൂൾ എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത സമ്പൂർണ്ണ ശുചിത്വ വിദ്യാലയം നടപ്പിലാക്കും.
- 5 മുതൽ 12 വരെയുള്ള ഓരോ കുട്ടിയും ആർജ്ജിക്കേണ്ട നൈപുണിയും, ശേഷിയും ആർജ്ജിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ രചനാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കും.

അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്ന പഠനോപകരണങ്ങൾ ഉറപ്പുവരുത്തും

- അധിഷ്ഠിത പഠത്തിനു സൗകര്യം ഒരുക്കുന്ന അക്കാദമിക ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം നൽകും.
- സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനിക വല്കരിക്കും.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പ്, ശില്പശാല, വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ ഇവ നടപ്പാക്കും.
- കാർഷക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും.
- മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്ന സംസ്കാരം വളർത്തും.
- പഠനം ആകർഷകവും, സർഗ്ഗാത്മകവും ആനന്ദദായകവും ആക്കുന്ന വിധത്തിൽ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- ജൈവവൈവിധ്യ ക്യാമ്പസ് തന്നെ പാഠപുസ്തകമാക്കുക എന്ന ലക്ഷ്യം ജനകീയ മാക്കി വികസിപ്പിച്ച് സ്കൂളിൽ നടപ്പിലാക്കും.
- അധ്യാപക പരിശീലനം ഫലപ്രദമാക്കുന്നതിനും സ്ട്രസ്സ്ലെസ്സ് ലേണിംഗ് യാഥാർത്ഥ്യ മാക്കുന്നതിനും ആവശ്യമായ അധ്യാപക ശാക്തീകരണം പ്രവർത്തനമാക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന
- പ്രത്യേകം പരിഗണന അർഹിക്കുന്നവരുടെ പഠനത്തിനുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.

**ക്ലബ്ബ് പ്രവർത്തനം**

വിവിധ ക്ലബ്ബുകൾ ഊർജ്ജസ്വലമായി പ്രവർത്തക്കുന്നു. അധ്യാപകരും വിദ്യാർത്ഥികളും ഇതിൽ സജീവമാണ്. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വിദ്യാരംഗം സയൻസ് ക്ലബ്ബുകൾ, ഗണിതക്ലബ്ബ്, ഭാഷാ ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ്, കാർഷിക ക്ലബ്ബ് ഇവ ഭംഗിയായി നടന്നുവരുന്നു. ഔഷധത്തോട്ടം, ശലഭോദ്യാനം ഇവയുടെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു.

**ലൈബ്രറി**

വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഒര ലൈബ്രറി ഈ സ്കൂളിനുണ്ട്. ഏകദേശം 10000 ത്തിലധികം പുസ്തകങ്ങൾ ഇവിടുത്തെ ലൈബ്രറിയിലുണ്ട്. റീഡിംഗ് റൂം പ്രവർത്തനസജ്ജമാണ്. കുട്ടികൾക്കാവശ്യമായ പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കാനുള്ള അവസരം ഉണ്ട്. വിദ്യാരംഗം മാസിക, ഇംഗ്ലീഷ് മലയാളം പത്രങ്ങൾ ഇവയും ലൈബ്രറിയിൽ ഉണ്ട്.

**ലാബ്**

നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ലാബുണ്ട്. എന്നാൽ ആധുനിക സാങ്കേതികവിദ്യയ്ക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പരിമിതികളുണ്ട്. കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങൾ നടത്തി സ്വയം കണ്ടെത്താനായി മെച്ചപ്പെടുത്തേണ്ടതുണ്ട്.

**എസ്. ആർ. ജി.**

എല്ലാ വെള്ളിയാഴ്ചയും ഹെഡ്മിസ്ട്രസ് അധ്യക്ഷയായി എസ്. ആർ. ജി. കൂടുന്നു. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കൂട്ടായ ചർച്ച ക്രിയാത്മകമായ രീതിയിൽ തന്നെ നടക്കുന്നു. ദിനാചരണങ്ങൾ , സ്കൂൾ വികസനം എന്നിവ ചർച്ച ചെയ്യുകയും തീരുമാനിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

**പി. റ്റി. എ.**

സാധാരണക്കാരായ രക്ഷാകർത്താക്കളുടെ ഒരു കൂട്ടായ്മയാണ് ഇവിടുത്തെ പി. റ്റി. എ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവർ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവരാണ്. ഇതിന്റെ ഫലമായി തുടർച്ചയായി 7-ാം തവണയും എസ്. എസ്. എൽ. സി. യ്ക്ക് 100% വിജയം നേടാൻ സാധിച്ചു. എല്ലാ വർഷവും 2 പൊതുയോഗങ്ങളും കൂടാതെ എല്ലാ ടേമിലും ക്ലാസ്സ് പി. റ്റി. എ. കളും കൂടുന്നു. അക്കാദമിക മേഖലയിലുള്ള പി. റ്റി. എ. സഹകരണം ശ്ലാഘനീയം തന്നെയാണ്.

മേഖല- ഹൈസ്കൂൾ- ഇംഗ്ലീഷ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English class Assembly English Liabrary നവീകരണം English Cartoon പ്രദർശനം | അവധിക്കാലം/ ശനിയാഴ്ചകൾ |
| 2 | ഇംഗ്ലീഷിലുള്ള ആത്മാവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & documentary- Profile, script, Role play, English day, Seminar | ക്ലാസ്സ്റും പ്രവർത്തനങ്ങളോടൊപ്പം |
| 3 | സ്വതന്ത്ര വായനയ്ക്ക സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | School English voice, Public speaking, News reading competitions. | ക്ലാസ് റൂം ആക്റ്റിവിറ്റി അസംബ്ലി. |
| 4. | നാടകീകരണം. | English Assembly, skit, Discourse | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ശനിയാഴ്ചകൾ |
| 5. | കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം കവിതാ രചന, ആലാപന മത്സരങ്ങൾ, ബുക്ക് റിവ്യൂസ്, മാഗസിൻ | ക്ലാസ്സ് പ്രവർത്തനങ്ങൾ |
| 6. | സാങ്കേതിക വിദ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | English fest, English Film | Vacation, ഓണം |
| 7. | സംവാദ സദസുകൾ സംഘടിപ്പിക്കുക. | Introducing the life and works of English writers, poets with video. | ശനിയാഴ്ചകൾ വെക്കേഷൻ |

# HS Hindi Academic Master Plan

## മേഖല- ഹൈസ്കൂൾ- ഹിന്ദി

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ദിപ്പിക്കുന്നു. | കഥ വായന, കവിതാ വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ | സാമ്പത്തിക വിശകലനം |
| 2 | അതൃഭാഷയെപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br><br>ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുക. | ജൂൺ മുതൽ<br><br>അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ<br><br>ഹിന്ദി അദ്ധ്യാപകർ | <br><br>രക്ഷിതാക്കൾ |
| 3 | വിവർത്തകർ, വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളുടെ വീഡിയോ കാണിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | പി. ടി. എ |

**പ്രവർത്തനങ്ങൾ**

- പ്രശസ്തരായ ജേർണലിസ്റ്റുകളെ വീഡിയോയിലൂടെ കുട്ടികളെ പരിചയപ്പെടുത്തി കൊടുക്കുന്നു.

- ഹിന്ദി പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളെക്കൊണ്ട് ഹിന്ദി ഡിക്ഷ്നറി തയ്യാറാക്കുന്നു.
- Translation words കുട്ടികളെ കൊണ്ട് തയ്യാറാക്കിക്കുന്നു.
  ഉദാ. ഒരു ഹിന്ദി വാക്ക് അതിന്റെ മലയാളവും ഇംഗ്ലീഷും കണ്ടെത്തി ഒരു ബുക്കിൽ എഴുതിക്കുന്നു.
  ഒരു ഹിന്ദി വാക്ക് വായിക്കുമ്പോൾ അതിന്റെ ഇംഗ്ലീഷും മലയാളവും ഒരുപോലെ കുട്ടിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു.
- Hindi to Malayalam Translation (വിവർത്തനം) ചെയ്യിക്കുന്നു.
  കുട്ടികളുടെ ഭാഷാജ്ഞാനം വർദ്ധിക്കാൻ ഇത് സഹായിക്കുന്നു.
- ഹിന്ദി സിനിമാ പാട്ടുകൾ കേൾക്കുന്നതോടൊപ്പം അതിന്റെ ലിറിക്സ് കൂടി എഴുതിയെടുക്കുവാൻ കുട്ടികളോട് പറയുന്നു.
- ഹിന്ദി കാർട്ടൂണുകൾ, ഹിന്ദി സിനിമകൾ തുടങ്ങിയവ കാണാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു (ഹിന്ദി സീരിയലുകൾ)
- പഴയ കാലഘട്ടത്തിലെ ഹിന്ദി എഴുത്തുകാരെ പരിചയപ്പെടുത്തുന്നതോടൊപ്പം തന്നെ പുതിയ കാലഘട്ടത്തിലെ എഴുത്തുകാരുടെ കൃതികൾ വായിക്കാൻ പ്രോത്സാഹനം നൽകുന്നു.
- ഹിന്ദി കവിതകളും കഥകളും വായിക്കുവാനുള്ള അവസരം നൽകുന്നു.
- ഹിന്ദി പാഠപുസ്തകം വായിക്കാൻ പ്രേരിപ്പിക്കുന്നു.
- സുരീലി വാണി എന്ന ഹിന്ദി റേഡിയോ പ്രോഗ്രാം ചെയ്യാൻ അവസരം നല്കുന്നു.
- ഹിന്ദി സ്കിറ്റുകൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു.
- ഹിന്ദിയിൽ സംസാരിക്കാൻ അവസരം നൽകുന്നു.
- ഹിന്ദി പ്രസംഗം ചൊല്ലൽ, പദ്യം ചൊല്ലൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- ഹിന്ദി അസംബ്ലി നടത്തുന്നു.
- ഹിന്ദി ഡേ ആഘോഷിക്കുന്നു.
- സുരീലി ഹിന്ദി യിലെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് ചെയ്യാൻ അവസരം നൽകുന്നു.
- ഹിന്ദി സെമിനാറുകൾ സംഘടിപ്പിക്കുന്നു.

മേഖല– ഹൈസ്കൂൾ– മലയാളം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ | സംവാദങ്ങൾ സംഘടിപ്പിക്കുക | ഈ സ്കൂൾ വർഷം | മലയാളം അദ്ധ്യാപിക | – |
| 2 | തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | വായനാശീലം വർദ്ദിപ്പിക്കുവാൻ വായനാകുറിപ്പുകൾ തയ്യാറാക്കി അവതരണം | " | " | – |
| 3 | ചിന്താശേഷി വർദ്ദിപ്പിക്കുന്ന പ്രവർത്തനങ്ങൾ | പ്രകൃതി നിരീക്ഷണം കുറിക്കുക | " | " | – |
| 4 | സർഗ്ഗാത്മകശേഷി വർദ്ദിപ്പിക്കുന്ന പ്രവർത്തനങ്ങൾ മാഗസിൻ, ഡോക്യുമെന്ററി | കവിയരങ്ങ്, കഥാവതരണം. | " | " | PTA |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും: ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>വയൽ കിളികൾ: സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക ഫീൽഡ് ട്രിപ്പും പ്രതയേക ക്ലാസുകളും നൽകുന്നു. | അക്കാദ മിക വർഷം ണുഴുവനായി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്തര അദ്ധ്യാപകർ | |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കിമാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ് മോക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം, ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്തദിനങ്ങൾ | സാമൂഹ്യ ശാസ്തര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ |
| 3 | സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | | | |
| 4 | മതേതരത്വം, സഹിഷ്ണുത, എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, എന്നീ പ്രവർത്തിനങ്ങൾ നടക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 5. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിയ്ക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | മൈ സിനിമ റൂം. ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. പ്രൊജക്ട് റൂം സിനിമ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

**മേഖല: അക്കാദമികം**
**ഉപമേഖല: സംസ്കൃതശാല**
**പേര്: സംസ്കൃതധ്വനി, ഇ-മാഗസിൻ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സംസ്കൃത ഭാഷ പഠനത്തിനുള്ള താത്പര്യം വർദ്ധിപ്പിക്കുക. ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും അതുവഴി സർഗ്ഗാത്മകതയുള്ള അവസരം ലഭ്യമാക്കുന്നു | E-Book, E-Learning തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്കൃതഭാഷയിലുള്ള കഥകളും, കവിതകളും അവതരിപ്പിക്കുവാനും വാർത്തകൾ തയ്യാറാക്കി അവതരിപ്പിക്കുവാനും സംസ്കൃത അസംബ്ലി വഴി സാധ്യമാക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | സംസ്കൃത ക്ലബ് | |
| | പഠനപ്രവർത്തനങ്ങൾ കുട്ടികളുടെ സർഗ്ഗാത്മകത സൃഷ്ടിക്കും വിധം ക്രമീകരിക്കുന്നു. | എല്ലാദിവസവും ഇടവേളകളിൽ | സംസ്കൃത അദ്ധ്യാപിക | |
| | കുട്ടികൾ തയ്യാറാക്കിയ രചനകൾ സംസ്കൃത ഭാഷയിൽ ടൈപ്പ് ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നു. | | | |
| | മാസിക (സംസ്കൃതധ്വനി) ഡിജിറ്റൽ സംവിധാനത്തിലൂടെ പ്രദർശിപ്പിക്കുകയും സംസ്കൃത ബിറ്റ് നിർമ്മിച്ച് പ്രസിദ്ധീകരിക്കുക വഴി സ്കൂളിന്റെ പ്രവർത്തനം | | | |

ചെയ്യുന്നതിനുള്ള
പരിശീലനം നൽകുന്നു.

മാസിക (സംസ്കൃതധ്വനി)
ഡിജിറ്റൽ സംവിധാനത്തിലൂടെ
പ്രദർശിപ്പിക്കുകയും
Sanskrit Bit നിർമ്മിച്ച്
പ്രസിദ്ധീകരിക്കുകവഴി
സ്കൂളിന്റെ പ്രവർത്തനം

ഗണിതം

പ്രവർത്തനം – 1

**പേര് : ഗണിത ലാബ് സജ്ജീകരിക്കൽ**

**മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽവെച്ച് ഗണിതക്ലാസ്സ് നടത്തൽ | വർഷത്തിൽ 1 പ്രാവശ്യം | ഗണിത ക്ലബ്ബ് SRG PTA | Rs. 5000/- PTA |

പ്രവർത്തനം – 2

**പേര് : ഗണിത വിനോദ മേഖല**

**മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത സൗന്ദര്യം ആസ്വദിക്കുന്നതിനും ജിജ്ഞാസ വളർത്തുന്നതിനും താത്പര്യം നിലനിർത്തുന്നതിനും | പസിലുകൾ, കളികൾ, പാറ്റേൺ നിർമ്മാണം തുടങ്ങി ഗണിത താത്പര്യം | ഒരു വർഷം | ഗണിത ക്ലബ്ബ് SRG | Rs. 5000/- PTA |

| ആവശ്യമായ പ്രവർത്തനങ്ങൾ | വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ |
|---|---|

**പ്രവർത്തനം – 3**

**പേര് : ഗണിത ലൈബ്രറി**

**മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതവുമായി ബന്ധപ്പെട്ട കൂടുതൽ ആഴത്തിലുള്ള ചിന്ത വളർത്തി എടുക്കുന്നതിനും ഏറെ സഹായ് കരമാണ് ഗണിത പുസ്തകങ്ങളുടെ വായന | ചെറുതും വലുതുമായ ഗണിത പുസ്തകങ്ങൾ ഗണിത മാഗസിനുകൾ കുട്ടികൾ തയ്യാറാക്കുന്ന ഗണിത പതിപ്പുകൾ തുടങ്ങിയവ ശേഖരിക്കുന്നു | ഒരു വർഷം | ഗണിത ക്ലബ്ബ് SRG PTA | Rs. 5000/- |

**പ്രവർത്തനം – 4**

**പേര് : ഐ. സി. റ്റി. മേഖല**

**മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാശയങ്ങൾ രൂപീകരിക്കുന്നതിനും രൂപീകരിച്ച ആശയങ്ങൾ ദൃഢീകരിക്കുന്നതിനും ജ്യാമിതീയ ചലനാത്മകത ബോധ്യപ്പെടുത്തുന്നതിനും | ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ പരിചയപ്പെടുത്തുകയും അവ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങൾ നടത്തുവാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്നു | ഒരു വർഷം | ഗണിത ക്ലബ്ബ് ഐ.ടി. ക്ലബ്ബ് ഐ. ടി. അധ്യാപകർ | Rs. 10000/- PTA |

പ്രവർത്തനം - 5

പേര് : ഗണിതോദ്യാനം

മേഖല/ഉപമേഖല : അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഉദ്യാനം സജ്ജമാക്കൽ | 3 വർഷം | ഗണിത ക്ലബ്ബ് SRG എക്കോ ക്ലബ്ബ് | Rs. 10000/- PTA |

| | | |
|---|---|---|
| പഠനയാത്ര | 1 വർഷം | അധ്യാപകർ |
| കൗൺസലിംഗ് ക്ലാസ്സ് | 1 വർഷം | സി. ജി. സി. സി. |
| അധ്യാപക ശാക്തീകരണം | 1 വർഷം | ഡിപ്പാർട്ട്മെന്റ് |
| പി. റ്റി. എ. ശാക്തീകരണം | 1 വർഷം | അധ്യാപകർ, പി. റ്റി. എ. |
| സയൻസ്മേള സംഘടിപ്പിക്കുക | 1 വർഷം | അധ്യാപകർ |

## വികസന പദ്ധതികൾ - ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തിക ചുമതല |
|---|---|---|---|
| പ്രത്യേകമായ ഭൗതികശാസ്ത്ര ലബോറട്ടറി | ലാബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | 2 വർഷം | പി. റ്റി. എ. പഞ്ചായത്ത് പൂർവ്വവിദ്യാർത്ഥികൾ |
| ഹൈടെക് ക്ലാസ്സ് റൂം | ആകെ ക്ലാസ്സ് റൂം - 6 ഹൈടെക് - 3 ഹൈടെക് ആകാനുള്ളത് - 3 | വർഷം | പി. റ്റി. എ., അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ |
| പുതിയ ലാബ് ഉപകരണങ്ങൾ | ലാബ് പ്രവർത്തനങ്ങൾ മികവുറ്റതാവുക വഴി പഠന നിലവാരം ഉയർത്തൽ | 1 വർഷം | പഞ്ചായത്ത്, പി. റ്റി. എ. |
| ലൈബ്രറി | ഭൗതികശാസ്ത്രത്തിന്റെ അറിവ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കൽ | 1 വർഷം പഞ്ചായത്ത്, | പി. റ്റി. എ. പൂർവ്വവിദ്യാർത്ഥികൾ, |
| നോട്ടീസ് ബോർഡ് | ഭൗതിക ശാസ്ത്രവുമായി ബന്ധപ്പെട്ട ആനുകാലിക ചിത്രങ്ങളും അടിക്കുറിപ്പുകളും പ്രദർശിപ്പിക്കൽ | 1 വർഷം | പി. റ്റി. എ., പൂർവ്വവിദ്യാർത്ഥികൾ |

## രസതന്ത്രം

### നിലവിലുള്ള അക്കാദമികം, ഭൗതിക സാഹചര്യങ്ങൾ

| അക്കാദമികം | ഭൗതികം |
|---|---|
| വിദ്യാർത്ഥികളുടെ അക്കാമിക നിലവാരം<br>1. 20% വിദ്യാർത്ഥികൾ ഉയർന്ന അക്കാദമിക നിലവാരം പുലർത്തുന്നവരാണ്.<br>2. 30% വിദ്യാർത്ഥികൾ ആവറേജ് നിലവാരം പുലർത്തുന്നവരാണ്<br>3. 50% വിദ്യാർത്ഥികൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. | 1. രസതന്ത്രം ലബോറട്ടറിയിൽ റിയേജന്റ്സിന്റെ അഭാവം<br>2. ലൈബ്രറിയുടെ അഭാവം<br>3. ഹൈടെക് ക്ലാസ്സ് റൂമുകളുട അഭാവം (നിലവിൽ 3 ഹൈടെക് റൂമുകൾ ഉണ്ട്) |

### വികസന പദ്ധതികൾ - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തൽ | രസതന്ത്ര മോഡലുകളുടെ നിർമ്മാണം | ആവശ്യാനുസരണം | അധ്യാപകർ |
| | ചാർട്ടുകളുടെ രൂപീകരണം | | അധ്യാപകർ |
| | വിദഗ്ധരായ അധ്യാപകരുടെ സെമിനാറുകൾ | | പൂർവ്വ വിദ്യാർത്ഥികൾ, |
| പാഠഭാഗങ്ങൾ ശരിയായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുക | രസതന്ത്ര ക്വിസ്സുകൾ സംഘടിപ്പിക്കുക | | അധ്യാപകർ |
| പ്രായോഗിക തലത്തിൽ രസതന്ത്രത്തിന്റെ പ്രയോഗം | സിലബസിൽ പ്രായോഗിക തലത്തിന്റെ ഉൾപ്പെടുത്തൽ | | സർക്കാർ |
| | മൈക്ക്, സ്പീക്കർ എന്നിവയുടെ ഉപയോഗം | | അധ്യാപകർ |
| ആശയ വിനിമയം ഫലപ്രദമാക്കൽ | നോട്ടീസ് ബോർഡുകൾ, ഇന്റർനെറ്റ് ജേർണലുകൾ, ആനുകാലിക | | പി. റ്റി. എ. |

| | | |
|---|---|---|
| | പ്രസിദ്ധീകരണങ്ങളുടെ<br>ഉപയോഗം | |
| ആനുകാലികമായ<br>കണ്ടുപിടുത്തങ്ങളും<br>വിജ്ഞാനങ്ങളും<br>ആർജ്ജിക്കൽ | ക്ലാസ്സ് പി. റ്റി. എ. യുടെ<br>നിരന്തരവും സജീവവുമായ<br>സാന്നിദ്ധ്യം | പി. റ്റി. എ. |
| | അധ്യാപക ശാക്തീകരണ<br>പരിപാടി<br>ഗ്രൂപ്പ് പഠനം | ഡിപ്പാർട്ട്മെന്റ് |

## B. വികസന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| രസതന്ത്ര<br>ലൈബ്രറി | രസതന്ത്രത്തിന്റെ അറിവ്<br>വർദ്ധിപ്പിക്കുന്നതിനായി<br>ആനുകാലിക<br>പ്രസിദ്ധീകരണങ്ങൾ<br>ലഭ്യമാക്കൽ | 5 വർഷം | ജില്ലാ പഞ്ചായത്ത്<br>പൂർവ്വ വിദ്യാർത്ഥികൾ |
| ലബോറട്ടറി | കുട്ടികൾക്ക് പലവിധ<br>പരീക്ഷണങ്ങൾ കൊടുത്ത്<br>അവരുടെ കഴിവുകൾ<br>വർദ്ധിപ്പിക്കുക.<br>സിലബസ്സിനപ്പുറത്തേക്കുള്ള<br>കാര്യങ്ങൾ ഗ്രഹിക്കാനുള്ള<br>പ്രവർത്തനങ്ങൾ<br>നടപ്പിലാക്കുക. | 5 വർഷം | ജില്ലാ പഞ്ചായത്ത്<br>പൂർവ്വ വിദ്യാർത്ഥികൾ |
| ഹൈടെക്ക്<br>ക്ലാസ്സ് .റൂം | Overhead projector, internet,<br>laptop, slides എന്നിവയുടെ<br>ഫലപ്രദമായ ഉപയോഗം | 2 വർഷം | പി. റ്റി. എ.<br>പൂർവ്വവിദ്യാർത്ഥികൾ |
| കൗൺസലിംഗ്<br>റൂം | വിദഗ്ധരായ<br>കൗൺസലർമാരുടെ<br>സേവനം<br>പ്രയോജനപ്പെടുത്തുക | ആവശ്യാ<br>നുസരണം | അധ്യാപകർ |

## ജീവശാസ്ത്രം

### നിലവിലുള്ള അക്കാദമികം, ഭൗതിക സാഹചര്യങ്ങൾ

| അക്കാദമികം | ഭൗതികം |
|---|---|
| വിദ്യാർത്ഥികളുടെ അക്കാമിക നിലവാരം<br>1. 16% വിദ്യാർത്ഥികൾ ഉയർന്ന അക്കാദമിക നിലവാരം പുലർത്തുന്നവരാണ്.<br>2. 44% വിദ്യാർത്ഥികൾ ആവറേജ് നിലവാരം പുലർത്തുന്നവരാണ്<br>3. 40% വിദ്യാർത്ഥികൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. | 1. ലബോറട്ടറി സൗകര്യം മിതമാണ്.<br>2. ക്ലാസ്സ് റൂം ഹൈടെക് റൂമിന്റെ അഭാവം<br>3. കുട്ടികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം മെച്ചപ്പെട്ടതല്ല.<br>4. ലൈബ്രറി മെച്ചപ്പെട്ടതല്ല<br>5. റീഡിംഗ് റൂം ഇല്ല |

### വികസന പദ്ധതികൾ - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുക | മോഡലുകളുടെ നിർമ്മാണം<br>ചാർട്ടുകളുടെ രൂപീകരണം<br>ഫീല്ഡ് വിസിറ്റ് | ആവശ്യാ നുസരണം | അധ്യാപകർ |
| | ക്ലാസ്സ് പി. റ്റി. എ. സജ്ജീവമാക്കൽ | 1 വർഷം | പി. റ്റി. എ. |
| | അധ്യാപക ശാക്തീകരണ പരിപാടികൾ | 2 വർഷം | ഡിപ്പാർട്ട്മെന്റ് |
| പാഠഭാഗങ്ങൾ ശരിയായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുക | വിദഗ്ധരായ അധ്യാപകരുടെ സെമിനാറുകൾ<br>ഗ്രൂപ്പ് തിരിച്ചുള്ള പഠനരീതി | 2 വർഷം | അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ |
| ആശയ വിനിമയം ഫലപ്രദമാക്കൽ | മൈക്ക്, സ്പീക്കർ എന്നിവയുടെ ഉപയോഗം | 2 വർഷം | പി. റ്റി. എ. |

| | | | |
|---|---|---|---|
| ആനുകാലികമായ കണ്ടുപിടുത്തങ്ങളും വിജ്ഞാനങ്ങളും ആർജ്ജിക്കൽ | പുതിയ വിവരങ്ങൾ അടങ്ങിയ നോട്ടീസ് ബോർഡുകൾ, ഇന്റർനെറ്റ് സൗകര്യം, ജേർണലുകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇവയുടെ ഉപയോഗം | 2 വർഷം | പി. റ്റി. എ. |

B. വികസന പദ്ധതികൾ - ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ലൈബ്രറി | അക്കാദമിക വിഷയങ്ങളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള പുസ്തകങ്ങളുടെ ലഭ്യത | 5 വർഷം | ജില്ലാ പഞ്ചായത്ത് പൂർവ്വ വിദ്യാർത്ഥികൾ |
| ലബോറട്ടറി | ലബോറട്ടറി നിലവാരം മെച്ചപ്പെടുത്തുക. വർക്ക് ബെഞ്ച് ബൈനോക്കുലർ, മൈക്രോസ്കോപ്പ് | 5 വർഷം | ജില്ലാ പഞ്ചായത്ത് പി. റ്റി. എ. പൂർവ്വ വിദ്യാർത്ഥികൾ |
| ഹൈടെക്ക് ക്ലാസ്സ് റൂം | ആകെ ക്ലാസ്സ് റൂം - 6 നിലവിൽ ഹൈ ടെക് - 3 Overhead projector, internet, laptop, slides എന്നിവയുടെ ഫലപ്രദമായ ഉപയോഗം | 2 വർഷം | അധ്യാപർ, പി. റ്റി. എ. പൂർവ്വവിദ്യാർത്ഥികൾ പൂർവ്വഅധഅധ്യാപകർ |
| കൗൺസലിംഗ് റൂം | വിദഗ്ധരായ കൗൺസലർമാരുടെ സേവനം പ്രയോജനപ്പെടുത്തുക | 5 വർഷം | ജില്ലാ പഞ്ചായത്ത്, പി. റ്റി. എ. |

# ഗണിതശാസ്ത്രം

## നിലവിലുള്ള അക്കാദമികം, ഭൗതിക സാഹചര്യങ്ങൾ

| അക്കാദമികം | ഭൗതികം |
|---|---|
| വിദ്യാർത്ഥികളുടെ അക്കാമിക നിലവാരം (%)<br>1. 20% വിദ്യാർത്ഥികൾ ഉയർന്ന അക്കാദമിക നിലവാരം പുലർത്തുന്നവരാണ്.<br>2. 30% വിദ്യാർത്ഥികൾ ആവറേജ് നിലവാരം പുലർത്തുന്നവരാണ്<br>3. 50% വിദ്യാർത്ഥികൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. | 1. ഗണിതശാസ്ത്ര ലബോറട്ടറിയുടെ അഭാവം<br>2. ലൈബ്രറിയുടെ അഭാവം<br>3. ഹൈടെക് ക്ലാസ്സ് റൂമുകളുടെ അഭാവം (നിലവിൽ 3 ഹൈടെക് റൂമുകൾ) |

### വികസന പദ്ധതികൾ - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുക | ഗണിത ശാസ്ത്ര മോഡലുകളുടെ നിർമ്മാണം<br>ചാർട്ടുകളുടെ രൂപീകരണം | ആവശ്യാനുസരണം | അധ്യാപകർ |
| | ക്ലാസ്സ് പി. റ്റി. എ. യുടെ നിരന്തരവും സജീവവുമായ ഇടപെടൽ | 1 വർഷം | പി. റ്റി. എ. |
| | അധ്യാപക ശാക്തീകരണ പരിപാടികൾ | 2 വർഷം | ഡിപ്പാർട്ട്മെന്റ് |
| പാഠഭാഗങ്ങൾ ശരിയായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുക | വിദഗ്ധരായ അധ്യാപകരുടെ സെമിനാറുകൾ<br>ഗണിതശാസ്ത്ര ക്വിസ്സ്കൾ സംഘടിപ്പിക്കൽ<br>ഗ്രൂപ്പ് തിരിച്ചുള്ള പഠനരീതി | 2 വർഷം | അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| പ്രായോഗിക തലത്തിൽ ഗണിത ശാസ്ത്രത്തിന്റെ പ്രയോഗം | സിലബസിൽ പ്രായോഗിക തലത്തിന്റെ ഉൾപ്പെടുത്തൽ | ആവശ്യാനുസരണം | സർക്കാർ |
| ആശയ വിനിമയം ഫലപ്രദമാക്കൽ | മൈക്ക്, സ്പീക്കർ എന്നിവയുടെ ഉപയോഗം | 2 വർഷം | പി. റ്റി. എ. |
| ആനുകാലികമായ കണ്ടുപിടുത്തങ്ങളും വിജ്ഞാനങ്ങളും ആർജ്ജിക്കൽ | പുതിയ വിവരങ്ങൾ അടങ്ങിയ നോട്ടീസ് ബോർഡുകൾ, ഇന്റർനെറ്റ് സൗകര്യം, ജേർണലുകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇവയുടെ ഉപയോഗം | 5 വർഷം | പി. റ്റി. എ. |

**B. വികസന പദ്ധതികൾ - ഭൗതികം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ശാസ്ത്ര ലൈബ്രറിയുടെ രൂപീകരണം | ഗണിതശാസ്ത്രത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനായി ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും ഉപയോഗപ്പെടുത്തുക | 5 വർഷം | ജില്ലാ പഞ്ചായത്ത് പൂർവ്വ വിദ്യാർത്ഥികൾ |
| ലബോറട്ടറി രൂപീകരണം | കുട്ടികളുടെ ആശയങ്ങൾ പരീക്ഷിക്കുക, കഴിവുകൾ കണ്ടെത്തുക. ഗയിമുകൾ പസ്സിലുകൾ, പഠനോപകരണങ്ങൾ ഇവയയുടെ ഉപയോഗം സിലബസ്സിനപ്പുറത്തേക്കുള്ള കാര്യങ്ങൾ ഗ്രഹിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക | 5 വർഷം | ജില്ലാ പഞ്ചായത്ത് പി. റ്റി. എ. പൂർവ്വ വിദ്യാർത്ഥികൾ |

പ്രവർത്തനം

പേര് : കായികപരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമ മാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ചയിൽ മൂന്നു ദിവസം | PTA | സ്പോൺസർ ഷിപ്പ് |

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സന്തുഷ്ട വിദ്യാലയം | കൗൺസലിംഗ് ക്ലാസ്സുകൾ ലഘുലേഖകൾ തയ്യാറാക്കുക. ക്യാമ്പുകൾ നടത്തുക തെരുവുനാടകങ്ങൾ അവതരിപ്പിക്കുക സ്കൂൾ പത്രം തയ്യാറാക്കുക | 5 വർഷം | കരിയർ ഗയിഡൻസ് ജാഗ്രതാ സമിതി | എക്സൈസ് വകുപ്പ് RMSA |

പ്രവർത്തനം

പേര് : കായികപരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമ മാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ചയിൽ മൂന്നു ദിവസം | PTA | സ്പോൺസർ ഷിപ്പ് |

| മികവുകൾ നേട്ടങ്ങൾ | |
|---|---|
| **നടപ്പുവർഷം** | **മുൻവർഷം** |
| 1. ക്ലാസ്സ് പി റ്റി എ<br><br>2. പഠന നേട്ടങ്ങൾ<br><br>3. മുഖാമുഖ സംവാദം<br><br>4. ഹാപ്പി ലേർണിംഗ്<br><br>5. ശാസ്ത്ര മേളകൾ<br>(സ്കൂൾ, സബ് ജില്ല)<br><br>6. സയൻസ് എക്സിബിഷൻ<br>(എക്സ്പോ)<br><br>7. പ്രവർത്തി പരിചയ മേളകൾ<br>(സ്കൂൾ, സബ് ജില്ല)<br><br>8. ലഹരി വിരുദ്ധ ക്യാമ്പസ് (വിമുക്തി)<br>പ്രവർത്തനങ്ങൾ:<br>ബോധവൽക്കരണ ക്ലാസ്സുകൾ<br>ഉപന്യാസ മത്സരം<br>ചിത്ര രചന<br><br>9. യോഗ ക്ലാസ്സ് | 1. ക്ലാസ്സ് പി റ്റി എ<br><br>2. മുഖാമുഖ സംവാദം<br><br>3. ഹാപ്പി ലേർണിംഗ്<br><br>4. ശാസ്ത്ര മേളകൾ<br><br>5. പ്രവർത്തി പരിചയ മേളകൾ<br><br>6. സയൻസ് എക്സിബിഷൻ<br><br>7. യോഗ ക്ലാസ്സ്<br><br>8. ലഹരി വിരുദ്ധ ക്ലാസ്സുകൾ<br>എക്സൈസ് വകുപ്പിന്റെ<br>സഹായത്തോടെ<br><br>9. ലഹരി വിരുദ്ധ സ്റ്റേജ് ഷോ ആലപ്പുഴ<br>ജില്ല എക്സൈസ് ഡിപ്പാർട്ട്മെന്റ്<br><br>10. കൗമാര പ്രശ്ന പരിഹാര ക്ലാസ്സുകൾ<br><br>11. ഗുരു വന്ദനം<br><br>12. പൂർവ്വ അധ്യാപകരെ ആദരിയ്ക്കൽ |

സംയുക്തമായി ചേർന്ന് രചനാ പാടവം വളർത്തുന്നതിനുവേണ്ടി മത്സരങ്ങൾ നടത്തി.

10 അഡോളസെന്റ് (കൗമാര) പ്രശ്ന പരിഹാര ക്ലാസ്സുകൾ

11 സ്പോർട്സ് - ഫുട്ബോൾ കോച്ചിംഗ് ക്ലാസ്സുകൾ

12 ഗതാഗത നിയമങ്ങളെക്കുറിച്ച് ബോധവല്കരണ ക്ലാസസ്സുകൾ

13 പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം 50-ഓളം വീടുകൾ സന്ദർശിച്ച് പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവല്കരണം നടത്തി.

14 റെമഡിയൽ ക്ലാസ്സുകൾ അക്കാദമിക മികവിനുവേണ്ടി.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| സ്കൂൾ അസംബ്ലി കാര്യക്ഷമമാക്കുക | ചുറ്റുമതിൽ, ഗേറ്റ് | പി. ടി. എ. ശക്തിപ്പെടുത്തൽ |
| ഭാഷാ വികസനം | സ്കൂൾ ഗ്രൗണ്ട് | വിദ്യാലയ വികസനം സമിതി |
| ഗണിതശേഷി വികസനം | ക്ലാസ്സ് മുറികൾ സ്മാർട്ട് ആക്കും | പൂർവ്വവിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ |
| ഇംഗ്ലീഷ് പഠനത്തിനു കൂടുതൽ പരിഗണന | അടുക്കള, ഡൈനിംഗ് ഹാൾ | വ്യവസായഗ്രൂപ്പുകൾ, പൂർവ്വാദ്ധ്യാപകർ, ഗ്രന്ഥശാല കൾ ഇവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ലൈബ്രറി ശാക്തീകരണം | അസംബ്ലി ഹാൾ | ഭവനസന്ദർശനം |
| പഠനയാത്രകൾ | മാലിന്യ സംസ്കരണം | കോർണർ പി. ടി. എ. |
| സെമിനാറുകൾ | ഗണിതശാസ്ത്രലാബ് | ലഹരിവിരുദ്ധക്ലാസ്സുകൾ |
| കലാകായികമേള കായികപഠനം | സയൻസ് ലാബ് | ലഹരിവിരുദ്ധസ്റ്റേജ് ഷോ |

| | | |
|---|---|---|
| ഐ. ടി. പരിശീലനം<br>ക്ലാസ്സ് പി. ടി. എ.<br><br>സ്കൂൾ പത്രം<br><br>പച്ചക്കറിത്തോട്ടം<br><br>അഭിമുഖങ്ങൾ<br><br>മെഡിക്കൽ ക്യാമ്പ്<br><br>ദിനാചരണം<br><br>യോഗക്ലാസ്സുകൾ<br><br>ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പിന്തുണ<br><br>സയൻസ് ലാബ് കൂടുതൽ കാര്യക്ഷമമാക്കൽ | ലൈബ്രറി സ്മാർട്ട് ആക്കും<br><br>സ്കൂൾ വാഹനം ഏർപ്പെടുത്തും | ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് ലഘുലേഖകൾ,<br><br>തെരുവുനാടകങ്ങൾ,<br>ക്യാമ്പുകൾ,<br>കൗൺസലിംഗുകൾ |
| | | |

## ഹ്രസ്വകാലംകൊണ്ട് നടപ്പിലാക്കുന്ന പ്രശ്നങ്ങൾ

- അക്ഷരജ്യോതി
- ഔഷധത്തോട്ടനിർമ്മാണം
- കൃഷിത്തോട്ട നിർമ്മാണം
- ക്ലാസ്സ് റൂം വായനാമൂല
- ബഹുമുഖവികസനത്തിനുതകുന്ന പ്രവർത്തനങ്ങൾ
- കൗൺസലിംഗ് സ്വഭാവരൂപീകരണം
- ഗണിതാഭിമുഖ്യം, ശാസ്ത്രാഭിമുഖ്യം വളർത്തുന്ന പ്രവർത്തനങ്ങൾ
- ശുചിത്വവിദ്യാലയം എന്ന ആശയം നടപ്പിലാക്കും
- ലൈബ്രറി നവീരണം
- കായിക പരിശീലനം
- കായിക ഉപകരണങ്ങൾ വാങ്ങിക്കുക

## ദീർഘകാലംകൊണ്ട് നടപ്പിലാക്കുന്നവ

- കുട്ടികൾക്ക് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള കിച്ചൺ കം ഡൈനിംഗ് റൂം
- കളിസ്ഥല നവീകരണം
- ചുറ്റുമതിൽ നിർമ്മാണം
- ഹൈടെക് കൃഷിരീതി
- 100% ലഹരിവിമുക്ത ക്യാമ്പസ്
- വാഹന സൗകര്യം

# ഉപസംഹാരം

## ശക്തിയും പരിമിതികളും

കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ വിശാലമായ ക്ലാസ്സ് മുറികൾ, 10000ത്തിൽ പരം പുസ്തകങ്ങൾ ഉള്ള ലൈബ്രറി, 5 മുതൽ 12 വരെയുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനവും ആവശ്യത്തിന് കമ്പ്യൂട്ടറുമുള്ള സ്മാർട്ട് റൂമുകൾ, വിശാലമായ ഗ്രൗണ്ട്, സ്വാദിഷ്ടമായ ഉച്ചഭക്ഷണം, ആത്മാർത്ഥതയുള്ള അധ്യാപകർ ഇവ സ്കൂളിന്റെ ശക്തിയാണ്.

അധ്യാപകരുടെ കുറവ് ഒരേ അധ്യാപകർ തന്നെ വിവധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ ബുദ്ധിമുട്ട്, കായികാദ്ധ്യാപകന്റെ കുറവ്, വിവധ സ്ഥലങ്ങളിൽ നിന്നും കുട്ടികൾക്കെത്താൻ വാഹന സൗകര്യം ഇല്ലാത്തത് ഇവ ഈ സ്കൂളിന്റെ പരിമിതികളാണ്.

ഇങ്ങനെയുള്ള പരിമിതികൾക്കിടയിലും അധ്യാപകരുടെ കൂട്ടായ അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ ഈ പരിമിതികളെ ഒരു പരിധിവരെ മറികടക്കാൻ പരിശ്രമിക്കുന്നുണ്ട്. കായിക പരിശീലനവും, പ്രോത്സാഹനവും ഇവിടുത്തെ അധ്യാപകർ തന്നെ ചെയ്യുന്നു.

വിദ്യാർത്ഥികളുടെ പഠനപുരോഗതിയും വിദ്യാലയത്തിന്റെ സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിനുള്ള അക്കാദമികവും അടിസ്ഥാന സൗകര്യത്തിലൂന്നുന്നതുമായ കർമ്മ പരിപാടികളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. രക്ഷാകർത്താക്കളുടെയും പൊതു സമൂഹത്തിന്റെയും, എം. എൽ. എ., എം. പി. മുതലായവരുടെയും പിന്തുണയും സഹകരണവും ഉറപ്പാക്കി പദ്ധതിയുടെ ഫലപ്രദമയ നിർവ്വഹണത്തിലൂടെ വിദ്യാർത്ഥികളുടടെയും വിദ്യാലയത്തിന്റെയും സമഗ്ര പുരോഗതി കൈവവരിക്കേണ്ടതുണ്ട്.